"ഭരണഭാഷ - മാതൃഭാഷ"

നം.സി5/3/2018/ഡി.ജി.ഇ

**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,**
തിരുവനന്തപുരം, തീയതി: 01/07/2021
ഫോൺ നമ്പർ - 0471-2580514
**ഇ-മെയിൽ - supdtc@kerala.gov.in**

## പരിപത്രം

വിഷയം: പൊതുവിദ്യാഭ്യാസം-ജീവനക്കാര്യം - 2011-15 കാലയളവിലെ സീനിയർ ക്ലാർക്ക് സ്ഥാനക്കയറ്റ പട്ടികയിലെ ജീവനക്കാരുടെ സേവന വിവരങ്ങൾ ശേഖരിക്കുന്നത് - സംബന്ധിച്ച്.

പരാമർശം: ഈ കാര്യാലയത്തിലെ സീനിയോറിറ്റി സെക്ഷന്റെ 28/06/2021 തീയതിയിലെ SY2/30800/2019/DGE നമ്പർ ഉത്തരവ്

****

പരാമർശ ഉത്തരവ് പ്രകാരം 2011-15 കാലയളവിലെ സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടിക അന്തിമപ്പെടുത്തിയിരിക്കുകയാണ്. ഈ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള റാങ്ക് നം. 1 മുതൽ 100 വരെയുള്ള ജീവനക്കാരുടെ തുടർന്നുള്ള സ്ഥാനക്കയറ്റം നൽകുന്നതിനു വേണ്ടി (ഹെഡ് ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട്, നൂൺമീൽ ഓഫീസർ) സർവ്വീസ് സംബന്ധമായ വിവരങ്ങൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. വിവരങ്ങൾ ലഭ്യമാക്കേണ്ട മാതൃക അനുബന്ധമായി ചേർത്തിരിക്കുന്നു.

വിദ്യാഭ്യാസ ഉപഡയറക്ടർമാർ പ്രസ്തുത ജീവനക്കാരുടെ സേവനപുസ്തകം പരിശോധിച്ചതിനു ശേഷം സേവന വിവരങ്ങൾ മാതൃകാ ഫോറത്തിൽ സാക്ഷ്യപ്പെടുത്തി **09/07/2021** നകം ഇ-മെയിൽ മുഖേന **supdtc@kerala.gov.in** ഈ കാര്യാലയത്തിൽ നൽകേണ്ടതാണ്. ഹെഡ്ക്വാർട്ടേഴ്സ് യൂണിറ്റിലെ (പരീക്ഷാഭവൻ, ടെക്സ്റ്റ് ബുക്ക് ഓഫീസ്) ജീവനക്കാരുടെ സേവന വിവരങ്ങളും **09/07/2021** നകം നൽകേണ്ടതാണ്. യഥാസമയം സേവന വിവരങ്ങൾ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് മുമ്പാകെ ഹാജരാക്കാത്ത ജീവനക്കാരെ സ്ഥാനക്കയറ്റത്തിന് പരിഗണിക്കുന്നതല്ല.

Bijumon

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ്:-

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. ടെക്സ്റ്റ് ബുക്ക് ഓഫീസർ, തിരുവനന്തപുരം
3. ജോയിന്റ് കമ്മീഷണർ, പരീക്ഷാഭവൻ, തിരുവനന്തപുരം
4. ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും (വെബ്സൈറ്റ് മുഖേന)
5. ബന്ധപ്പെട്ട എല്ലാ ഓഫീസ് മേലധികാരികൾക്കും
6. എക്സിക്യൂട്ടീവ് ഡയറക്ടർ & വൈസ് ചെയർമാൻ, കൈറ്റ്, പൂജപ്പുര, തിരുവനന്തപുരം (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ബി.ഒ

## അനുബന്ധം

| ക്രമ നം. | സീനിയർ ക്ലാർക്ക് റാങ്ക് നം. | ജീവനക്കാരന്റെ പേര്, പെൻ, കാര്യാലയം | വകുപ്പ് തല പരീക്ഷ വിജയിച്ച വർഷം | സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിച്ച തീയതി | ശൂന്യവേതനാവധിയിൽ പ്രവേശിച്ചിട്ടുണ്ടെങ്കിൽ തീയതിയും ഉത്തരവ് നമ്പരും | ശൂന്യവേതനാവധിയ്ക്ക് ശേഷം ജോലി പ്രവേശിച്ച തീയതി | എൽ.ഡി ക്ലാർക്കായി സേവനമനുഷ്ഠിച്ച കാലയളവിൽ അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ | നിലവിൽ വകുപ്പ്തല അച്ചടക്ക നടപടിയുണ്ടെങ്കിൽ ആയതിനെ സംബന്ധിച്ച വിവരങ്ങൾ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |
| | | | | | | | | | |

വിദ്യാഭ്യാസ ഉപഡയറക്ടർ